**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.656**

**29.05.2019 ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡിന്റെ ബോധവൽക്കരണ പദ്ധതി**

**ചോദ്യം**

**ശ്രീ. ഷാഫി പറമ്പിൽ**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മദ്യം, മയക്കമരുന്ന്, സൈബർ കുറ്റങ്ങൾ എന്നിവയ്ക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് യുവജനക്ഷേമബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) & (ബി) | മദ്യം, മയക്കമരുന്ന്, സൈബർകുറ്റങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാക്ലബ്ബുകൾ വഴിയും ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾ വഴിയും നടത്തിവരുന്നു. കൂടാതെ കഴിഞ്ഞ വർഷം സംസ്ഥാനം നേരിട്ട സമാനതകളില്ലാത്ത പ്രളയത്തെതുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കണ്ട യുവജന പങ്കാളിത്തം കണക്കിലെടുത്ത് ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു യുവജന സന്നദ്ധസേനയെ 'കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് '(KVYAF) എന്ന പേരിൽ യുവജനക്ഷേമ ബോർഡ് രൂപീകരിക്കുകയുണ്ടായി. ഓൺലൈൻ/മാനുവൽ ആയി രജിസ്റ്റർ ചെയ്ത ഒരു ലക്ഷത്തിൽപരം യുവാക്കൾ ഇപ്പോൾ ഈ സേനയിൽ അംഗങ്ങളായുണ്ട്. ഇവരിൽ നിന്നും 25 വയസ്സിനുതാഴെയുള്ള ആരോഗ്യവാന്മാരായ 1000 പേരെ തെരഞ്ഞെടുത്ത് അവർക്ക് 2018-19 വർഷം ഫയർ & സേഫ്റ്റി, ഡിസാസ്റ്റർ |
| (ബി) | യുവജനക്ഷേമബോർഡ് ഇതിനായി സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയെന്നും ഇവരെ തെരഞ്ഞെടുത്തത് എപ്രകാരമാണെന്നും വെളിപ്പെടുത്താമോ? | | |

| | | | |
|---|---|---|---|
| | | | വർഷം ഫയർ & സേഫ്റ്റി, ഡിസാസ്റ്റർ മാനേജ്മെന്റ് ഇവയിൽ പ്രത്യേക പരിശീലനം നൽകിയിരുന്നു. ഇവരുടെ സേവനം ബോധവൽക്കരണ പരിപാടികളുൾപ്പെടെയുള്ള-വയിൽ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ